"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 2025 വർഷത്തെ സർക്കാർ കലണ്ടർ, ഡയറി, ദിനസ്മരണ എന്നിവയുടെ അച്ചടിയും വിതരണവും - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(സാധാ) നം.3272/2024/GAD തീയതി, തിരുവനന്തപുരം, 20-07-2024

---

പരാമർശം:- അച്ചടിവകുപ്പ് ഡയറക്ടറുടെ 12.06.2024 തീയതിയിലെ 3422/24/ജി.5 നമ്പർ കത്ത്

**ഉത്തരവ്**

2025 വർഷത്തെ സർക്കാർ കലണ്ടർ, ഡയറി, ദിനസ്മരണ എന്നിവ ചുവടെ പറയും പ്രകാരം അച്ചടിയ്ക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

| *ക്രമ നം* | *ഇനം* | *എണ്ണം* |
|---|---|---|
| 1 | **കലണ്ടർ** | |
| | ഓർഡിനറി | 4,00,000 |
| | വൈറോ ബൈൻഡഡ് | 4000 |
| | ടേബിൾ ടോപ്പ് | 1250 |
| 2 | **ഡയറി** | |
| | ഇംഗ്ലീഷ് (ഓർഡിനറി) | 90,000 |
| | മലയാളം (ഓർഡിനറി) | 9,000 |
| | എക്സിക്യൂട്ടീവ് വിത്ത് റിബ്ബൺ മാർക്ക്ഡ് | 500 |
| | ഓരോ ദിവസത്തേയ്ക്ക് ഓരോ പേജ് വീതം | 720 |
| | റിബ്ബൺ മാർക്കോടു കൂടിയത് | 225 |
| 3 | **ദിനസ്മരണ** | |
| | ഇംഗ്ലീഷ് | 10,000 |
| | മലയാളം | 10,000 |

**2.** 2025-ലെ കലണ്ടർ, ദിനസ്മരണ എന്നിവ 75 gsm സൂപ്പർ പ്രിന്റ് ക്വാളിറ്റി പേപ്പർ ഉപയോഗിച്ചും ഡയറി 70 gsm സൂപ്പർ പ്രിന്റ് ക്വാളിറ്റി പേപ്പർ ഉപയോഗിച്ചും സമയബന്ധിതമായി അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സർക്കാർ പ്രസ്സിനെ ചുമതലപ്പെടുത്തുന്നു. അച്ചടി ജോലികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ഡയറി ഒഴികെ എല്ലാത്തരം ഡയറിയും കെയ്സ് ബയന്റിംഗ് ചെയ്യേണ്ടതും, ഡയറിയുടെ വീതി 16.5 cm ഉം നീളം 23 cm ഉം ആയി നിജപ്പെടുത്താനും നിർദ്ദേശം നൽകുന്നു. ഡയറി, ദിനസ്മരണ എന്നിവയിലെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കേണ്ടതും ദിനസ്മരണ അച്ചടിച്ച് വൈറോ ബൈൻഡിംഗ് (Wiro Binding) ചെയ്യേണ്ടതുമാണ്.

3. അച്ചടിയ്ക്കാവശ്യമായ പേപ്പർ, സ്റ്റേഷണറി കൺട്രോളർ വിതരണം ചെയ്യുന്നതാണ്. പേപ്പറിന്റെ ഗുണമേന്മ അച്ചടി വകുപ്പ് ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

4. കലണ്ടർ, ഡയറി, ദിനസ്മരണ എന്നിവയുടെ വിൽപനവില നിശ്ചയിക്കാനുള്ള പ്രൊപ്പോസൽ അച്ചടി പൂർത്തിയാകുന്ന മുറയ്ക്ക്, അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
സൂപ്രണ്ട്, സർക്കാർ പ്രസ്സുകൾ, തിരുവനന്തപുരം
സ്റ്റേഷണറി കൺട്രോളർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് (സി) വകുപ്പ്
വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 22-07-2024 12:26:06

സെക്ഷൻ ഓഫീസർ